**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1095** **30-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി കെ.കെ.രമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യഫെഡിൽ ക്രമക്കേട് ആരോപിക്കുന്ന തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ പന്ത്രണ്ടോളം ജീവനക്കാരെ കഴിഞ്ഞ രണ്ട് മാസങ്ങൾക്കുള്ളിൽ സ്ഥലംമാറ്റിയിട്ടുണ്ടോ; | (എ) | നിലവിൽ കൊല്ലം സി.പി.സി.യിലും ആലപ്പുഴയിലെ അമ്പലപ്പുഴ വ്യാസാ സ്റ്റോറിലുമാണ് സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയിട്ടുള്ളത്. മത്സ്യഫെഡിന്റെ സുഗമമായ പ്രവർത്തനത്തിന് ഭരണസൗകര്യാർത്ഥം ജീവനക്കാരെ സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്.<br><br>കൊല്ലം സി.പി.സി.യിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് 2 സ്ഥിരം ജീവനക്കാരെ സസ്പെൻഡ് ചെയ്യുകയും 2 കരാർ ജീവനക്കാരെയും 2 താത്കാലിക ജീവനക്കാരെയും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത നടപടിയുടെ കാരണം വിശദമാക്കാമോ; | (ബി) | നിലവിൽ കൊല്ലം സി.പി.സി.യിലും ആലപ്പുഴയിലെ അമ്പലപ്പുഴ വ്യാസാ സ്റ്റോറിലുമാണ് സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയിട്ടുള്ളത്. മത്സ്യഫെഡിന്റെ സുഗമമായ പ്രവർത്തനത്തിന് ഭരണസൗകര്യാർത്ഥം ജീവനക്കാരെ സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്.<br><br>കൊല്ലം സി.പി.സി.യിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് 2 സ്ഥിരം ജീവനക്കാരെ സസ്പെൻഡ് ചെയ്യുകയും 2 കരാർ ജീവനക്കാരെയും 2 താത്കാലിക ജീവനക്കാരെയും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. |
| (സി) | മത്സ്യഫെഡിൽ നടന്ന അഴിമതി മൂടിവയ്ക്കാനുള്ള നടപടിയുടെ ഭാഗമായാണ് ഈ സ്ഥലമാറ്റം എന്ന ആരോപണം ശരിയാണോ; | (സി) | നിലവിൽ കൊല്ലം സി.പി.സി.യിലും ആലപ്പുഴയിലെ അമ്പലപ്പുഴ വ്യാസാ സ്റ്റോറിലുമാണ് സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയിട്ടുള്ളത്. മത്സ്യഫെഡിന്റെ സുഗമമായ പ്രവർത്തനത്തിന് ഭരണസൗകര്യാർത്ഥം ജീവനക്കാരെ സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്.<br><br>കൊല്ലം സി.പി.സി.യിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് 2 സ്ഥിരം ജീവനക്കാരെ സസ്പെൻഡ് ചെയ്യുകയും 2 കരാർ ജീവനക്കാരെയും 2 |

| | | | |
|---|---|---|---|
| | | | താത്കാലിക ജീവനക്കാരെയും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാന ധനകാര്യ വകുപ്പ് മത്സ്യഫെഡിലെ അക്കൗണ്ടുകൾ പരിശോധിച്ചിട്ടുണ്ടോ;എങ്കിൽ പരിശോധനയിൽ അഴിമതി കണ്ടെത്തിയതായി അറിവുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | മത്സ്യഫെഡിന് കീഴിലുള്ള അമ്പലപ്പുഴ വ്യാസാ സ്റ്റോറിലെ സാമ്പത്തിക ക്രമക്കേട് മത്സ്യഫെഡ് ധനകാര്യ വിഭാഗം കണ്ടെത്തി ഫിഷറീസ് സഹകരണസംഘം രജിസ്ട്രാർ കൂടിയായ ഫിഷറീസ് ഡയറക്ടർ മുഖേന സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തുകയും ക്രമക്കേട് സ്ഥിരീകരിക്കുകയും മത്സ്യഫെഡിന് ഉണ്ടായ സാമ്പത്തിക നഷ്ടം ഉത്തരവാദികളായ ജീവനക്കാരുടെ ബാധ്യതയായി നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ